ഉത്തരം

(എ&ബി) മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) വൈദ്യുതി ശ്മശാനം-ഗ്യാസ് ചുള നിർമ്മാണം, ഈ നഗരം ലൂയി പാസ്റ്റർക്ക് സ്വന്തം, പുങ്കുളത്ത് ഷോപ്പിംഗ്-കം-ഓഫീസ് കോംപ്ലക്സ് നിർമ്മാണം എന്നീ പദ്ധതികൾ പത്താം പദ്ധതി അവസാനിക്കുന്നതിന് മുമ്പ് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. എന്നാൽ ആശുപത്രി വികസനം ഒഴികെയുള്ള മറ്റ് പദ്ധതികൾ 2003-2004 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കും.

തിരുവനന്തപുരം നഗരസഭയുടെ കഴിഞ്ഞ വർഷത്തെ പദ്ധതികൾ

82 (2205) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം നഗരസഭയുടെ കഴിഞ്ഞവർഷത്തെ ബഡ്ജറ്റിൽ കൂടി ഏതെല്ലാം പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു ; അവയിൽ ഏതെല്ലാം നടപ്പാക്കി ; ബാക്കിയുള്ളവ നടപ്പാക്കാതിരുന്നതെന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു.†

തിരുവനന്തപുരം നഗരത്തിലെ മാലിന്യമുക്ത മേഖലകൾ

83 (2206) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീമതി മേഴ്സി രവി :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിൽ എവിടെയെല്ലാമാണ് മാലിന്യമുക്ത മേഖലയാക്കിയിട്ടുള്ളത് ;

(ബി) ഈ വർഷം എവിടെയെല്ലാം പുതിയ മാലിന്യമുക്ത മേഖലകൾ ഉണ്ടാക്കാൻ ഉദ്ദേശമുണ്ട് ;

(സി) നഗരശുചിത്വത്തിന് നീക്കിവെച്ചിട്ടുള്ള തുകയെത്രയാണ് ;

(ഡി) ഈ തുകയിൽ നിന്നും തിരുവനന്തപുരം നഗരസഭയുടെ ഓരോ ഡിവിഷനും എത്ര തുക വീതം കിട്ടും ?

---

† അനുബന്ധം II, III

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവനന്തപുരം നഗരസഭയിലെ കവടിയാർ-കിഴക്കേക്കോട്ട റോഡ് വെള്ളയമ്പലം-ശാസ്തമംഗലം റോഡ് എന്നിവ മാലിന്യമുക്ത മേഖലയാക്കിയിട്ടുണ്ട്.

(ബി) നഗരസഭയിലെ തന്നെ കവടിയാർ-പേരൂർക്കട റോഡ്, ശാസ്തമംഗലം - വട്ടിയൂർക്കാവ് റോഡ്, ഉള്ളൂർ-പാളയം റോഡ്, കരമന കിഴക്കേകോട്ട റോഡ്, കിള്ളിപ്പാലം-തമ്പാനൂർ-ഓവർബ്രിഡ്ജ്റോഡ്, പാളയം-വഞ്ചിയൂർ റോഡ്, നന്തൻകോട് റോഡ് എന്നിവ ഉൾപ്പെടുന്ന നന്തൻകോട്, ശാസ്തമംഗലം, പാളയം, മെഡിക്കൽകോളേജ്, സെക്രട്ടേറിയറ്റ്, ഫോർട്ട്, ചെന്തിട്ട, ജഗതി എന്നി ഹെൽത്ത് സർക്കിളുകൾ മാലിന്യമുക്തമേഖലയാക്കുവാൻ ഉദ്ദേശമുണ്ട്.

(സി) 12 കോടി രൂപ.

(ഡി) കണക്കാക്കിയിട്ടില്ല.

തെരുവു നായ്ക്കളുടെ ശല്യം

84 (2207) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് വർദ്ധിച്ചുവരുന്ന തെരുവു നായ്ക്കളുടെ ശല്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അവ നിർമ്മാർജ്ജനം ചെയ്യാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) 1960-ലെ പ്രിവൻഷൻ ഓഫ് ക്രൂവൽറ്റീസ് ടു ദി ആനിമൽസ് ആക്ടിൽ തെരുവു നായ്ക്കളെ കൊല്ലരുതെന്നു പറഞ്ഞിട്ടുണ്ടോ ;

(സി) തെരുവ് നായ്ക്കളെ കൊല്ലാൻ പാടില്ലെന്ന് വ്യക്തമാക്കി പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ; അതിനാധാരമായ കാരണങ്ങൾ വ്യക്തമാക്കാമോ ;

(ഡി) ഇതിനെതിരെ ഫെഡറേഷൻ ഓഫ് റസിഡൻസ് അസോസിയേഷൻ (എഫ്.ആർ.എ.ടി) സമർപ്പിച്ചിട്ടുള്ള നിവേദനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പഞ്ചായത്ത് രാജ് നിയമപ്രകാരം തെരുവു നായ്ക്കളെ നശിപ്പിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാഥമിക കടമയാണെന്ന് വ്യക്തമാക്കിയിട്ടുള്ളത് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശമുണ്ടോ ;

(എഫ്) തെരുവു നായ്ക്കളെ നശിപ്പിക്കാൻ കഴിയാത്തതുമൂലം തിരുവനന്തപുരം സിറ്റിയിൽ തന്നെ അവയുടെ എണ്ണം മൂന്നിരട്ടിയിലധികം വർദ്ധിച്ചിട്ടുണ്ടെന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?